# പുതുക്കം പ്രാപിക്കുക

## എഫേസ്യർ 4:22-24

"മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾവിൻ."

രക്ഷിക്കപ്പെട്ട ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ വരുത്തേണ്ടതായ രൂപാന്തരത്തെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഒരുവൻ രക്ഷ ഏറ്റെടുത്ത് കഴിഞ്ഞാൽ പിന്നെ അവനിൽ ഒരു പുതുക്കത്തിന്റെ അവസ്ഥയായിരിക്കണം വേണ്ടത്. ദൈവത്തെയും അവന്റെ വചനത്തെയും അനുസരിക്കുകയും, ദൈവത്തിന്റെ സ്വഭാവത്തെ പ്രതിഫലിപ്പിക്കുകയും ചെയ്യുന്നവരായി വേണം ജീവിതം മുന്നോട്ടു കൊണ്ടുപോവാൻ. ഇത് സാധ്യമാകുന്നതോ നാം ദൈവത്തിന്റെ ആയുധവർഗ്ഗം ധരിക്കുക വഴിയുമാണെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

എഫേസ്യർ 6:10-11 ൽ പറയുന്നു "ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനിൽപ്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ."

ക്രിസ്തീയജീവിതം എന്നു പറയുന്നതു തന്നെ ഒരു വലിയ പോരാട്ടമാണ്. സാത്താനും അവന്റെ സൈന്യവും ഒരേ ഒരു ലക്ഷ്യം മുന്നിൽ വച്ചു കൊണ്ടാണ് നടക്കുന്നത്. എങ്ങനെയെങ്കിലും ദൈവത്തിന്റെ പദ്ധതികളെ തടസ്സപ്പെടുത്തുകയും ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച ദൈവജനത്തിന്റെ ജീവിതങ്ങളെ തകർക്കുകയും ചെയ്യുക. അത് ഒരുവൻ ദൈവത്തോട് കൂടുതൽ അടുത്തു നിൽക്കുമ്പോൾ സാത്താൻ അവന്റെ ജീവിതത്തിൽ അധികമായി പ്രതിസന്ധികൾ കൊണ്ടുവരും. ഈ സാഹചര്യങ്ങൽ നാം തന്നെ നേരിട്ട് സാത്താനോട് പോരാടി ജയിക്കാമെന്നു കരുതിയാൽ നമുക്ക് തെറ്റി. അതിനാണ് ദൈവം തന്റെ സർവ്വായുധവർഗ്ഗം ധരിച്ചു കൊൾവാൻ നമ്മോട് ആഹ്വാനം ചെയ്യുന്നത്.

വാസ്തവത്തിൽ നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവ്, നാം ദൈവത്തോടും അവന്റെ വചനത്തോടും കൂടുതൽ അടുത്തുവരുമ്പോൾ സാത്താന്റെ സകലവിധ പ്രവൃത്തികളിൽ നിന്നും നമ്മെ ഓരോ നിമിഷവും സുരക്ഷിതരായി നിർത്തുവാൻ നിരന്തരം നയിച്ചു കൊണ്ടിരിക്കുന്നു. ഇങ്ങനെ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിൽ

എന്നും നിലനിൽക്കണമെങ്കിൽ നാം നിരന്തരം പ്രാർത്ഥനയിൽ ആയെങ്കിലേ മതിയാവൂ. അത് നമ്മുടെ ജീവിതത്തിൽ ഒരു ശീലമാക്കിക്കൊണ്ടുവരണം. അല്ലാതെ എന്തെങ്കിലും തരത്തിലുള്ള ഒരു ബുദ്ധിമുട്ടോ, കഷ്ടതയോ, പ്രതികൂലമോ മാറിപ്പോകുവാൻ വേണ്ടി മാത്രമാകരുത് നമ്മുടെ പ്രാർത്ഥനകൾ. അത് ദൈവവുമായുള്ള നിരന്തരമായ നമ്മുടെ സംസാരമായിരിക്കണം. ദൈവം നമ്മിൽ നിന്ന് അതു വളരെയധികം പ്രതീക്ഷിക്കുന്നു.

ആദികാലത്ത് ഏദൻ തോട്ടത്തിൽ വെയിലാറുമ്പോൾ ദൈവം ആദാമും ഹൗവ്വയുമായി സംസാരിക്കാൻ ഇറങ്ങിവന്നിരുന്നു എന്ന് വചനത്തിൽ നിന്നു കാണുവാൻ കഴിയും. അങ്ങനെ വന്ന ഒരു ദിവസമാണല്ലോ മനുഷ്യകുലത്തെ മുഴുവൻ സാത്താന്റെ ചതിയിൽ വീഴ്ത്തിയ ആദിമ പാപം അവിടെ തെളിവായത്. ദൈവം നമ്മെ സൃഷ്ടിച്ച് ഈ ഭൂമിയിൽ ആക്കിയിരിക്കുമ്പോൾ സാത്താനോടും അവന്റെ സൈന്യത്തോടും പട വെട്ടി പൊരുതി ജയിപ്പാൻ തക്ക ബലത്തോടും ശക്തിയോടും കൂടിത്തന്നെയാണ് നമ്മെ ദിനംപ്രതി നടത്തുന്നത്. അതു നാം മനസ്സിലാക്കി അവന്റെ വചനത്തെ ഓരോ നിമിഷവും ധ്യാനിക്കുകയും അതിൻപ്രകാരം ജീവിതം ക്രമീകരിക്കുകയും നിരന്തരം അവനോടുള്ള ബന്ധത്തിൽ ജീവിതം മുന്നോട്ടു കൊണ്ടു പോവുകയും ചെയ്യുക. നാം ഇന്നു പുതുക്കത്തിന്റെ മനുഷ്യനെയാണ് ധരിച്ചിരിക്കുന്നതെന്നുള്ള ഒരു ഉറപ്പിന്മേൽ ആയിരിക്കുക. ഇനി പഴയതിന് എന്റെ ജീവിതത്തിൽ സ്ഥാനമില്ല എന്ന് തീരുമാനിച്ച് ജീവിതം മുന്നോട്ടു കൊണ്ടു പോവുക. അതിന്നായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

**ഗലാത്യർ 2:20**

“ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നതു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏൽപിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു”

ബ്രദർ ബിനു ബേബി ആലപ്പുഴ 066